**മധുരമായ കുട്ടികളെ- നിങ്ങൾ ശാന്തി സ്ഥാപിക്കുന്നതിന് നിമിത്തമാണ്, അതിനാൽ വളരെ വളരെ ശാന്തിയിലിരിക്കണം, ബുദ്ധിയിലുണ്ടായിരിക്കണം നമ്മൾ ബാബയുടെ ദത്തെടുക്കപ്പെട്ട കുട്ടികൾ പരസ്പരം സഹോദരീ-സഹോദരരാണ്.**

**ചോദ്യം-** പൂർണ്ണമായും സമർപ്പണമായവർ എന്ന് ആരെ പറയാം? അവരുടെ ലക്ഷണങ്ങൾ എന്തെല്ലാം?
**ഉത്തരം-** ഞാൻ ഈശ്വരീയ മാതാ പിതാവിലൂടെ പാലിക്കപ്പെടുന്നു എന്ന് ബുദ്ധിയിലുള്ളവരാണ് പൂർണ്ണമായും സമർപ്പണമായിട്ടുള്ളവർ. ബാബാ, ഇത് സർവ്വതും അങ്ങയുടേതാണ്, അങ്ങ് എന്നെ പാലിക്കുന്നു. ജോലിചെയ്യുന്നുണ്ടെങ്കിലും ബുദ്ധി കൊണ്ട് മനസ്സിലാക്കുന്നുണ്ട് ഇതെല്ലാം ബാബയ്ക്ക് വേണ്ടിയാണ് എന്ന്. ബാബയ്ക്ക് സഹയോഗം നല്കി കൊണ്ടിരിക്കുന്നു, അവരിലൂടെ യജ്ഞത്തിന്റെ ഇത്രയും വലിയ ഉത്തരവാദിത്വം നിർവ്വഹിക്കപ്പെടുന്നു, സർവ്വരുടെയും പാലന നടക്കുന്നു...ഇങ്ങനെയുള്ള കുട്ടികളും അർപ്പണ ബുദ്ധിയുള്ളവരാണ്. അതോടൊപ്പം ഉയർന്ന പദവി നേടുന്നതിന് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. ശരീരത്തിന് വേണ്ടി ജോലിയെല്ലാം ചെയ്തു കൊണ്ടും പരിധിയില്ലാത്ത മാതാ-പിതാവിനെ ഓരോ ശ്വാസത്തിലും ഓർമ്മിക്കണം.

**ഗീതം-** ഓം നമഃശിവായ......

**ഓം ശാന്തി.** ഈ ഗീതം മഹിമയാണ്. വാസ്തവത്തിൽ മഹിമ ഉയർന്നതിലും വെച്ച് ഉയർന്ന പരമാത്മാവിന്റേതാണ്, പരമാത്മാവ് തന്നെയാണ് മാതാ പിതാവെന്ന് കുട്ടികൾക്കുമറിയാം, കുട്ടികളിലൂടെ മുഴുവൻ ലോകത്തിനുമറിയാം. ഇപ്പോൾ നിങ്ങൾ മാതാ പിതാവിനോടൊപ്പം കുടുംബത്തിലിരിക്കുന്നു. ശ്രീകൃഷ്ണനെ മാതാ പിതാവെന്ന് പറയില്ല. കൃഷ്ണനോടൊപ്പം രാധയുണ്ടെങ്കിലും, മാതാ പിതാവെന്ന് പറയില്ല കാരണം അവർ പ്രിൻസ് പ്രിൻസസ് ആണ്. ശാസ്ത്രങ്ങളിലെ തെറ്റ് ഇതാണ്. ഇപ്പോൾ ഈ പരിധിയില്ലാത്ത അച്ഛൻ നിങ്ങൾക്ക് സർവ്വ വേദ ശാസ്ത്രങ്ങളുടെയും സാരം കേൾപ്പിക്കുന്നു. ഈ സമയത്ത് നിങ്ങൾ കുട്ടികൾ സന്മുഖത്തിരിക്കുന്നു, ചില കുട്ടികൾ ദൂരെയാണ്. എന്നാൽ അവരും കേട്ടു കൊണ്ടിരിക്കുന്നു. അവർക്കറിയാം മാതാ പിതാവ് നമുക്ക് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കി തരുന്നു, സദാ സുഖിയാക്കുന്നതിനുള്ള മാർഗ്ഗം അഥവാ യുക്തി കേൾപ്പിച്ചു കൊണ്ടിരിക്കുന്നു. ഇത് വീട് പോലെയാണ്. കുറച്ച് കുട്ടികൾ ഇവിടെയുണ്ട്, കുറച്ച് പുറത്തും. ഇതാണ് ബ്രഹ്മാ മുഖവംശാവലി, പുതിയ രചന. അത് പഴയ രചനയാണ്. കുട്ടികൾക്കറിയാം ബാബ നമ്മെ സദാ സുഖിയാക്കാനാണ് വന്നിരിക്കുന്നത്. ലൗകീക അച്ഛനും കുട്ടികളെ വലുതാക്കി സ്കൂളിൽ അയക്കുന്നു. ഇവിടെ പരിധിയില്ലാത്ത അച്ഛൻ നമ്മെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നു, പാലിച്ചും കൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ബാബയല്ലാതെ മറ്റാരുമില്ല. മാതാപിതാവും മനസ്സിലാക്കുന്നുണ്ട്- ഇതെന്റെ മക്കളാണ് എന്ന്. ലൗകീക കുടുംബത്തിലാണെങ്കിൽ 10-15 കുട്ടികൾ കാണും, 2-3 വിവാഹം ചെയ്തു കാണും. ഇവിടെ ഇരിക്കുന്നത് സർവ്വരും ബാബയുടെ കുട്ടികളാണ്. എത്ര കുട്ടികൾക്ക് ജന്മം കൊടുക്കണൊ അത്രയും ബ്രഹ്മാ മുഖത്തിലൂടെ ഇപ്പോൾ തന്നെ ചെയ്യണം. അവസാന സമയത്ത് ആവശ്യമില്ല. സർവ്വർക്കും തിരികെ പോകണം. ഈ ഒരേയൊരു മാതാവാണ് ദത്തെടുക്കുന്നതിന് നിമിത്തം. ഇത് വളരെ വിചിത്രമായ കാര്യമാണ്. ദരിദ്രന്റെ കുട്ടി തീർച്ചയായും മനസ്സിലാക്കും- എന്റെ അച്ഛൻ ദരിദ്രനാണ് എന്ന്. സമ്പന്നന്റെ കുട്ടി മനസ്സിലാക്കും എന്റെ അച്ഛൻ സമ്പന്നനാണ് എന്ന്. അവിടെ അനേകം മാതാ പിതാവുണ്ട്. ഇത് മുഴുവൻ ജഗത്തിന്റെയും ഒരേയൊരു മാതാ പിതാവാണ്. നിങ്ങൾ സർവ്വർക്കും അറിയാം നമ്മൾ ബാബയുടെ മുഖത്തിലൂടെ ദത്തെടുക്കപ്പെട്ടിട്ടുള്ളവരാണ്. ഇത് നമ്മുടെ പാർലൗകീക മാതാ പിതാവാണ്. ബാബ വരുന്നത് പഴയ സൃഷ്ടിയിൽ, എപ്പോഴാണൊ മനുഷ്യർ വളരെ ദുഃഖിതരാകുന്നത്. കുട്ടികൾക്കറിയാം നമ്മൾ പാർലൗകീക മാതാപിതാവിന്റെ മടിത്തട്ടിലാണ്. നമ്മൾ പരസ്പരം ഭായി ബഹനാണ്. നമുക്ക് മറ്റൊരു സംബന്ധവുമില്ല. അതിനാൽ സഹോദരി സഹോദരൻമാർ പരസ്പരം വളരെ മധുരവും, റോയലും, ശാന്തരും, ജ്ഞാനിയും സന്തുഷ്ടരുമായിരിക്കണം. നിങ്ങൾ ശാന്തി സ്ഥാപിക്കുന്നവരാണ് അതിനാൽ നിങ്ങളും വളരെ ശാന്തമായിട്ടിരിക്കണം. ഞാൻ പാർലൗകീക അച്ഛന്റെ ദത്തെടുത്ത കുട്ടിയാണ് എന്ന് ബുദ്ധിയിലുണ്ടായിരിക്കണം. പരംധാമിൽ നിന്നും ബാബ വന്നിരിക്കുന്നു. അത് മുത്തച്ഛനാണ്, ഇത് വലിയ സഹോദരനാണ്. പൂർണ്ണമായും സമർപ്പണമായവർ മനസ്സിലാക്കും ഞാൻ ഈശ്വരീയ മാതാ പിതാവിന്റെ പാലനയിലാണ് എന്ന്. ബാബാ ഇതെല്ലാം അങ്ങയുടേതാണ്. അങ്ങ് എന്റെ പാലന ചെയ്യുന്നു. സമർപ്പണമാകുന്ന കുട്ടികളിലൂടെ സർവ്വർക്കും പാലന ലഭിക്കുന്നു. ചില കുട്ടികൾ ജോലി ചെയ്യുന്നുണ്ടെങ്കിലും മനസ്സിലാക്കുന്നുണ്ട്- ഇതെല്ലാം ബാബയ്ക്ക് വേണ്ടിയാണ് എന്ന്. ബാബയ്ക്കും സഹയോഗം നല്കി കൊണ്ടിരിക്കുന്നു. ഇല്ലായെങ്കിൽ യജ്ഞത്തിന്റെ

ചിലവുകൾ എങ്ങനെ നടക്കും. രാജാ റാണിയെയും മാതാപിതാവ്  എന്നു പറയുന്നു. അവർ ഭൗതിക മാതാ പിതാവാണ്. രാജ്യ മാതാവെന്നും പറയുന്നു, രാജ്യ പിതാവെന്നും പറയുന്നു. ഇത് പരിധിയില്ലാത്ത താണ്. കുട്ടികൾക്കറിയാം നമ്മൾ മാതാ പിതാവിനോടൊപ്പമാണ് ഇരിക്കുന്നത്. ഇതും കുട്ടികൾക്കറിയാം നമ്മൾ എത്രത്തോളം പഠിക്കുന്നു, പഠിപ്പിക്കുന്നുവൊ അത്രത്തോളം ഉയർന്ന പദവി ലഭിക്കും. അതോ ടൊപ്പം ശരീരത്തിന് വേണ്ട കർമ്മവും ചെയ്യണം. ഈ ദാദയും വൃദ്ധനാണ്. ശിവാബാബയെ ഒരിക്കലും വൃദ്ധനെന്നോ യുവാവെന്നോ പറയില്ല. ബാബ നിരാകാരനാണ്. ഇതും നിങ്ങൾക്കറിയാം നമ്മൾ ആത്മാ ക്കളെ നിരാകാരനായ ബാബ ദത്തെടുത്തിരിക്കുകയാണ്.  സാകാരത്തിൽ ബ്രഹ്മാവും. ആത്മാവ് പറയു കയാണ്– ഞാൻ ബാബയെ സ്വന്തമാക്കി. ഇനി താഴേക്ക് വരുകയാണെങ്കിൽ നമ്മൾ സഹോദരി സഹോ ദരൻമാർ ബ്രഹ്മാവിനെ സ്വന്തമാക്കി. ശിവബാബ പറയുന്നു– നിങ്ങൾ ബ്രഹ്മാവിലൂടെ എന്റെ ബ്രഹ്മാമുഖ വംശാവലിയായി. ബ്രഹ്മാവും പറയുന്നു നിങ്ങൾ എന്റെ മക്കളായി തീർന്നു. നിങ്ങൾ ബ്രാഹ്മണരുടെ ബുദ്ധിയിൽ ഓരോ ശ്വാസത്തിലും ഉണ്ട്– ഇത് അച്ഛനും, അത് മുത്തച്ഛനുമാണ്. അച്ഛനേക്കാൾ കൂടുതൽ മുത്തച്ഛനെയാണ് ഓർമ്മിക്കുന്നത്. ആ മനുഷ്യർ അച്ഛനോട് വഴക്കടിച്ചും മുത്തച്ഛനിൽ നിന്നും സമ്പത്ത് കൈക്കലാക്കുന്നു. നിങ്ങളും പരിശ്രമിച്ച് ബാബയേക്കാൾ കൂടുതൽ മുത്തച്ഛനിൽ നിന്നും സമ്പത്ത് നേട ണം. ബാബ ചോദിക്കുമ്പോൾ സർവ്വരും പറയും– ഞാൻ നാരായണനെ വരിക്കും എന്ന്. ചില പുതിയ കുട്ടികളുണ്ടായിരുന്നു, പവിത്രമായി ജീവിക്കാൻ സാധിക്കുന്നില്ല അപ്പോൾ അവർക്ക് കൈ ഉയർത്താൻ സാധിക്കില്ല. പറയും മായ വളരെ ശക്തിശാലിയാണ് എന്ന്. ശ്രീനാരായണനെ അഥവാ ശ്രീ ലക്ഷ്മിയെ വരിക്കും എന്ന് അവർക്ക് പറയാൻ സാധിക്കില്ല. നോക്കൂ, ബാബ സന്മുഖത്ത് വന്ന് കേൾപ്പിക്കുമ്പോൾ എത്ര സന്തോഷത്തിന്റെ ലഹരി വർദ്ധിക്കുന്നു. ബുദ്ധിയെ റിഫ്രഷ് ചെയ്യുന്നു, അപ്പോൾ സന്തോഷത്തിന്റെ ലഹരി വർദ്ധിക്കുന്നു. പിന്നെ ചിലർക്ക് ആ ലഹരി സ്ഥിരമായി നിലനില്ക്കുന്നു, ചിലരിൽ കുറഞ്ഞു പോകുന്നു. പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കണം, 84 ജന്മങ്ങളെ ഓർമ്മിക്കണം, ചക്രവർത്തി പദവി യെയും ഓർമ്മിക്കണം. അംഗീകരിക്കാത്തവർക്ക് ഓർമ്മ നിലനില്ക്കില്ല. ബാപ്ദാദ മനസ്സിലാക്കുന്നു– ബാബാ ബാബാ എന്ന് പറയുന്നുണ്ടെങ്കിലും സത്യം സത്യമായി ഓർമ്മിക്കുന്നുമില്ല, ലക്ഷ്മീ നാരായ ണനെ വരിക്കാൻ യോഗ്യതയുമില്ല. നടപ്പും അങ്ങനെയാണ്. അന്തര്യാമിയായ ബാബ ഓരോരുത്തരു ടെയും ബുദ്ധിയെ മനസ്സിലാക്കുന്നുണ്ട്. ഇവിടെ ശാസ്ത്രങ്ങളുടെ ഒരു കാര്യവുമില്ല. ബാബ വന്ന് രാജ യോഗം പഠിപ്പിച്ചു, അതിന്റെ പേരാണ് ഗീത എന്ന് . ബാക്കി ചെറിയ ചെറിയ ധർമ്മത്തിലുള്ളവർ അവരവ രുടേതായ ശാസ്ത്രങ്ങളുണ്ടാക്കുന്നു, പഠിച്ചു കൊണ്ടിരിക്കുന്നു. ബാബ ശാസ്ത്രം പഠിച്ചിട്ടില്ല. പറയുന്നു– കുട്ടികളെ– ഞാൻ സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗം പറഞ്ഞു തരാനാണ് വന്നിരിക്കുന്നത്. അശരീരിയായി നിങ്ങൾ എങ്ങനെ വന്നോ അതേ പോലെ തിരികെ പോകണം. ദേഹസഹിതം ഈ ദുഃഖത്തിന്റെ സർവ്വ കർമ്മബന്ധനങ്ങളെയും ഉപേക്ഷിക്കണം കാരണം ദേഹം പോലും ദുഃഖം നല്കുന്നു. രോഗം വന്നാൽ ക്ലാസ്സിൽ വരാൻ സാധിക്കില്ല. അതിനാൽ ഇതും ദേഹത്തിന്റെ ബന്ധനമായി തീർന്നു, ഇതിൽ ബുദ്ധി വളരെ ശ്രേഷ്ഠമായിരിക്കണം. ആദ്യം നിശ്ചയം ഉണ്ടായിരിക്കണം ബാബ സ്വർഗ്ഗം രചിക്കുന്നു, ഇപ്പോൾ ഇത് നരകമാണ്. ആരെങ്കിലും മരിച്ചാൽ പറയും സ്വർഗ്ഗത്തിൽ പോയി എന്ന് അപ്പോൾ തീർച്ചയായും നര കത്തിലായിരുന്നു. എന്നാൽ ഇത് ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി കാരണം നിങ്ങളുടെ ബുദ്ധി സ്വർഗ്ഗത്തി ലാണ്. നിങ്ങളുടെ ബുദ്ധിയിലിരിക്കുന്നതിന് ബാബ ദിവസേന പുതിയ പുതിയ രീതിയിലൂടെ മനസ്സിലാക്കി തരുന്നു. നമ്മുടേത് പരിധിയില്ലാത്ത മാതാ പിതാവാണ്. അപ്പോൾ ബുദ്ധി തീർത്തും മുകളിലേക്ക് പോകും. പിന്നെ പറയും ഈ സമയത്ത് ബാബ ആബുവിലാണ്. തീർത്ഥയാത്രയ്ക്ക് പോകുന്നു, ബദ്രീനാഥ ക്ഷേത്രം മുകളിലാണ് സ്ഥിതി ചെയ്യുന്നത്. വഴികാട്ടികളാണ് കൊണ്ടു പോകുന്നത്, ബദ്രിനാഥൻ  കൊണ്ടു പോകാൻ സ്വയം വരുന്നില്ല. മനുഷ്യർ വഴികാട്ടികളാകുന്നു. ഇവിടെ ശിവബാബ പരംധാമിൽ നിന്നും സ്വയം വരുന്നു. പറയുന്നു– ഹേ ആത്മാക്കളെ, നിങ്ങൾക്ക് ഈ ശരീരം ഉപേക്ഷിച്ച് ശിവപുരിയിലേക്ക് പോകണം. പോകേണ്ട ലക്ഷ്യം തീർച്ചയായും ഓർമ്മയുണ്ടായിരിക്കും. അവിടെ ചൈതന്യത്തിൽ ബദ്രിനാഥൻ വന്ന് കുട്ടികളെ കൂടെ കൊണ്ടു പോകുന്നില്ല. അവർ ഇവിടെ നിവസിക്കുന്നവരാണ്. പരമപിതാ പരമാത്മാവ് പറയുന്നു– ഞാൻ പരംധാം നിവാസിയാണ്. നിങ്ങളെ കൊണ്ടു പോകാനാണ് വന്നിരിക്കുന്നത്. കൃഷ്ണന് ഇങ്ങനെ പറയാൻ സാധിക്കില്ല. രുദ്ര ശിവബാബ എന്നു പറയുന്നു, ഈ രുദ്ര യജ്ഞം രചിച്ചിരിക്കുന്നു. ഗീതയിലും രുദ്രന്റെ കാര്യങ്ങൾ എഴുതിയിട്ടുണ്ട്. ആത്മീയ അച്ഛൻ പറയുന്നു– എന്നെ ഓർമ്മിക്കൂ. വിനാശം വരു മ്പോൾ ആത്മാവിന് ശരീരം വിട്ട് നേരെ ബാബയുടെ അടുത്തേക്ക് പോകുന്നതിനുള്ള യാത്രയാണ് ബാബ യുക്തിയോടെ പഠിപ്പിക്കുന്നത്. പിന്നെ ശുദ്ധമായ ആത്മാവിന് ശുദ്ധമായ ശരീരം വേണം, അത് പുതിയ സൃഷ്ടിയിലേ ലഭിക്കൂ. ഇപ്പോൾ സർവ്വാത്മാക്കളും കൊതുകിൻ കൂട്ടത്തെ പോലെ ബാബയോടൊപ്പം തിരികെ പോകും, അതിനാലാണ് ബാബയെ തോണിക്കാരൻ എന്നു പറയുന്നത്. ഈ വിഷയ സാഗര ത്തിൽ നിന്നും അക്കരെ കൊണ്ടു പോകുന്നു. കൃഷ്ണനെ  തോണിക്കാരൻ എന്നു പറയാൻ സാധിക്കില്ല. ബാബ തന്നെയാണ് ഈ  ദുഃഖത്തിന്റെ ലോകത്തിൽ നിന്നും സുഖത്തിന്റെ ലോകത്തിലേക്ക് കൊണ്ടു

പോകുന്നത്. ഇതേ ഭാരതം വിഷ്ണുപുരി, ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. ഇപ്പോൾ രാവണപുരിയാണ്. രാവണന്റെ ചിത്രവും കാണിക്കണം. ചിത്രങ്ങളിലൂടെ വളരെ സേവനം ചെയ്യണം. ഏതു പോലെ നമ്മുടെ ആത്മാവ് അതേ പോലെയാണ് ബാബയുടെയും ആത്മാവ്. നമ്മൾ ആദ്യം അജ്ഞാനികളായിരുന്നു, ബാബ ജ്ഞാനസാഗരനാണ്. രചയിതാവിനെയും രചനയെയും മനസ്സിലാക്കാത്തവരെയാണ് അജ്ഞാനി എന്നു പറയുന്നത്. രചയിതാവിലൂടെ രചയിതാവിനെയും രചനയെയും മനസ്സിലാക്കുന്നവരെയാണ് ജ്ഞാനിയെന്നു പറയുന്നത്. ഈ ജ്ഞാനം നിങ്ങൾക്ക് ഇവിടെയാണ് ലഭിക്കുന്നത്. സത്യയുഗത്തിൽ ലഭിക്കുന്നില്ല. അവർ പറയുന്നു പരമാത്മാവ് വിശ്വത്തിന്റെ അധികാരിയാണ് എന്ന്. മനുഷ്യർ ആ അധികാരിയെയാണ് ഓർമ്മിക്കുന്നത്, എന്നാൽ വാസ്തവത്തിൽ വിശ്വത്തിന്റെ അഥവാ സൃഷ്ടിയുടെ അധികാരിയാകുന്നത് ലക്ഷ്മീ നാരായണനാണ്. നിരാകാരനായ ശിവബാബ വിശ്വത്തിന്റെ അധികാരിയാകുന്നില്ല. അതിനാൽ അവരോട് ചോദിക്കണം- അധികാരി നിരാകാരനാണോ അതോ സാകാരിയാണോ എന്ന്. നിരാകാരന് സാകാര സൃഷ്ടിയുടെ അധികാരിയാകാൻ സാധിക്കില്ല. ബാബ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. ബാബ തന്നെ വന്നാണ് പതിത ലോകത്തെ പാവനമാക്കുന്നത്. സ്വയം പാവന ലോകത്തിന്റെ അധികാരിയാകുന്നില്ല. അതിന്റെ അധികാരിയാകുന്നത് ലക്ഷ്മീ നാരായണനാണ്, ആക്കുന്നത് ബാബയാണ്. ഇത് മനസ്സിലാക്കേണ്ട ഗുഹ്യമായ കാര്യങ്ങളാണ്. നമ്മൾ ആത്മാക്കൾ ബ്രഹ്മ തത്വത്തിൽ വസിക്കുമ്പോൾ ബ്രഹ്മാണ്ഡത്തിന്റെ അധികാരികളാണ്. ഏതു പോലെ രാജാ റാണി പറയുന്നു- ഞങ്ങൾ ഭാരതത്തിന്റെ അധികാരികളാണ് എന്ന്, അതേ പോലെ പ്രജകളും പറയും ഞാൻ അധികാരിയാണ് എന്ന്. അവിടെ വസിക്കുന്നുണ്ടല്ലോ. ബാബയും ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്, നമ്മളും അധികാരികളാണ്. പിന്നെ ബാബ വന്ന് പുതിയ സൃഷ്ടി രചിക്കുന്നു. പറയുന്നു- എനിക്ക് ഇവിടെ രാജ്യം ഭരിക്കണ്ട, ഞാൻ മനുഷ്യനാകുന്നില്ല. ഞാൻ ഈ ശരീരം ലോണായി എടുക്കുന്നു. നിങ്ങളെ സൃഷ്ടിയുടെ അധികാരിയാക്കുന്നതിന് രാജയോഗം പഠിപ്പിക്കുന്നു. നിങ്ങൾ എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവൊ അത്രയും ഉയർന്ന പദവി ലഭിക്കുന്നു, ഇതിൽ കുറവ് വരുത്തരുത്. ടീച്ചർ സർവ്വരെയും പഠിപ്പിക്കുന്നു. പരീക്ഷയിൽ വളരെ പേർ പാസാകുമ്പോൾ ടീച്ചറിന്റെ പേരും പ്രശസ്ഥമാകുന്നു. പിന്നെ അവർക്ക് ഗവൺമെന്റിൽ നിന്നും സ്ഥാനക്കയറ്റം ലഭിക്കുന്നു. ഇവിടെയും അങ്ങനെയാണ്. എത്രത്തോളം നന്നായി പഠിക്കുന്നുവോ അത്രയും ഉയർന്ന പദവി ലഭിക്കുന്നു. മാതാ പിതാവും സന്തോഷിക്കുന്നു. പരീക്ഷയിൽ പാസാകുമ്പോൾ മധുരം വിതരണം ചെയ്യാറില്ലേ. ഇവിടെ നിങ്ങൾ ദിവസവും മധുരം വിതരണം ചെയ്യുന്നു. പിന്നീട് പരീക്ഷയിൽ പാസാകുമ്പോൾ സ്വർണ്ണ പുഷ്പങ്ങൾ വിതറും. നിങ്ങളുടെ മേൽ ആകാശത്തിൽ നിന്നൊന്നും പുഷ്പങ്ങൾ വർഷിക്കില്ല, എന്നാൽ നിങ്ങൾ തീർത്തും സ്വർണ്ണത്തിന്റെ കൊട്ടാരത്തിന്റെ അധികാരിയായി തീരുന്നു. ഇവിടെ ആരുടെയെങ്കിലും മഹിമ ചെയ്യുന്നതിനായാണ് സ്വർണ്ണത്തിന്റെ പുഷ്പമുണ്ടാക്കി വർഷിക്കുന്നത്. ഏതുപോലെ ദർഭംഗയിലെ രാജാവ് വളരെ സമ്പന്നനായിരുന്നു, അദ്ദേഹത്തിന്റെ മകൻ വിദേശത്ത് പോയപ്പോൾ പാർട്ടി നല്കിയിരുന്നു, വളരെ പൈസ ചിലവഴിച്ചു, സ്വർണ്ണത്തിന്റെ പുഷ്പങ്ങളുണ്ടാക്കി വർഷിച്ചു. അതിനുവേണ്ടി വളരെ ചിലവ് ചെയ്തു. പേര് പ്രശസ്തമായി. പറഞ്ഞിരുന്നു- നോക്കൂ, ഭാരതവാസികൾ എന്തുമാത്രം പൈസ ചിലവഴിക്കുന്നുവെന്ന്. നിങ്ങൾ സ്വയം സ്വർണ്ണത്തിന്റെ കൊട്ടാരങ്ങളിൽ വസിക്കും, അപ്പോൾ നിങ്ങൾക്ക് എത്ര ലഹരി ഉണ്ടായിരിക്കണം. ബാബ പറയുന്നു-കേവലം എന്നെയും ചക്രത്തെയും ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ തോണി അക്കരെയെത്തും എത്ര സഹജമാണ്. നിങ്ങൾ കുട്ടികൾ ചൈതന്യ ശലഭങ്ങളാണ്, ബാബ ചൈതന്യ പ്രകാശമാണ്. നിങ്ങൾ പറയുന്നു നമ്മുടെ രാജ്യം സ്ഥാപിക്കപ്പെടണം എന്ന്. ഇപ്പോൾ സത്യമായ ബാബ ഭക്തിയുടെ ഫലം നല്കാൻ വേണ്ടി വന്നിരിക്കുന്നു. ബാബ സ്വയം പറഞ്ഞിട്ടുണ്ട് ഞാൻ എങ്ങനെ വന്ന് പുതിയ ബ്രാഹ്മണരുടെ സൃഷ്ടി രചിക്കുന്നു എന്ന്. എനിക്ക് തീർച്ചയായും വരേണ്ടി വരുന്നു. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ബ്രഹ്മാകുമാർ കുമാരിമാരാണ്. ശിവബാബയുടെ പേരക്കുട്ടികളാണ്. ഇത് വിചിത്രമായ കുടുംബമാണ്. എങ്ങനെ ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന നടന്നു കൊണ്ടിരിക്കുന്നു. വൃക്ഷത്തിന്റെ ചിത്രത്തിൽ സ്പഷ്ടമാണ്. നിങ്ങൾ താഴെയിരിക്കുന്നു. നിങ്ങൾ കുട്ടികൾ എത്ര സൗഭാഗ്യശാലികളാണ്. ഏറ്റവും പ്രിയപ്പെട്ട ബാബ മനസ്സിലാക്കി തരുന്നു- ഞാൻ വന്നിരിക്കുന്നത് നിങ്ങൾ കുട്ടികളെ രാവണന്റെ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിനാണ്. രാവണൻ നിങ്ങളെ രോഗിയാക്കി. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ അർത്ഥം ശിവബാബയെ ഓർമ്മിക്കൂ, ഇതിലൂടെ നിങ്ങളുടെ ജ്യോതി തെളിയും, പിന്നീട് നിങ്ങൾ പറക്കുന്നതിന് യോഗ്യരാകും. മായ സർവ്വരുടെയും ചിറക് മുറിച്ച് കളഞ്ഞിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ബുദ്ധിയെ ശ്രേഷ്ഠമാക്കുന്നതിന് ദേഹത്തിലിരുന്നും, ദേഹത്തിന്റെ ബന്ധനത്തിൽ നിന്നും വേറിട്ടിരിക്കണം. അശരീരിയാകുന്നതിനുള്ള അഭ്യാസം ചെയ്യണം. രോഗാവസ്ഥയിലും ബാബയുടെ ഓർമ്മയിലിരിക്കണം.

2. പാർലൗകിക മാതാ പിതാവിന്റെ കുട്ടികളായി തീർന്നു, അതിനാൽ വളരെ വളരെ സ്വീറ്റും റോയലും ശാന്തരും, ജ്ഞാനികളും സന്തുഷ്ടരുമാകണം. ശാന്തിയിലിരുന്ന് ശാന്തി സ്ഥാപിക്കണം.

## വരദാനം:- ആത്മീയതയോടൊപ്പം രമണീകതയിൽ വരുന്ന മര്യാദാ പുരുഷോത്തമരായി ഭവിക്കട്ടെ.

പല കുട്ടികളും ഒരുപാട് കളി-തമാശകളിലേർപ്പെടുന്നു, അത് തന്നെയാണ് രമണീകതയെന്നും കരുതുന്നു. രമണീകതയെന്ന ഗുണം നല്ലതാണ് പക്ഷെ വ്യക്തി, സമയം, സംഘടന, സ്ഥാനം, വായുമണ്ഡലം എന്നിവ പ്രമാണം രമണീകത നല്ലതായിത്തോന്നും. അഥവാ ഇപ്പറഞ്ഞ കാര്യങ്ങളിൽ നിന്ന് ഒരു കാര്യമെങ്കിലും ശരിയല്ലെങ്കിൽ രമണീകതയും വ്യർത്ഥത്തിന്റെ ലൈനിലാണ് ഗണിക്കപ്പെടുക, പിന്നെ ഇവർ വളരെ നന്നായി ചിരിപ്പിക്കും, പക്ഷെ സംസാരം വളരെ കൂടുതലാണ് എന്ന സർട്ടിഫിക്കറ്റും ലഭിക്കും. അതിനാൽ കളി-തമാശ അതാണ് നന്നായിരിക്കുക ഏതിലാണോ ആത്മീയതയുള്ളത്, ആ ആത്മാവിന് പ്രയോജനമുള്ളത്, പരിധിക്കുള്ളിലുള്ള സംസാരമുള്ളത്, അപ്പോൾ പറയാം മര്യാദാ പുരുഷോത്തമർ.

## സ്ലോഗൻ:- സദാ സ്വസ്ഥമായിരിക്കണമെങ്കിൽ ആത്മീയ ശക്തിയെ വർദ്ധിപ്പിക്കൂ.